**No. CEE/953/2017/MPH-2017/TA4**


കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001


# പത്രക്കുറിപ്പ്

## എം.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2017
## ഓൺലൈൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസരം

2017 ലെ ബിരുദാനന്തര ബിരുദ ഫാർമസി(എം.ഫാം) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ സംബന്ധിച്ച വിശദാംശങ്ങൾ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷാർത്ഥികൾ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'MPharm2017-Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ്‌വേഡും നൽകി ഹോം പേജിൽ പ്രവേശിച്ചതിനുശേഷം അവരവരുടെ അപേക്ഷയെ സംബന്ധിച്ച വിവരങ്ങൾ (കാറ്റഗറി ഉൾപ്പെടെ) പരിശോധിക്കേണ്ടതാണ്. കൂടാതെ അപേക്ഷാർത്ഥികൾക്ക് **'Memo'** എന്ന മെനു ക്ലിക്ക് ചെയ്ത് സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉണ്ടോയെന്നും പരിശോധിക്കാവുന്നതാണ്. ന്യൂനതകളുള്ളവർക്ക് ആയത് പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/അനുബന്ധ രേഖകൾ എന്നിവ **2017 ജൂലൈ 21 വൈകുന്നേരം 5 മണിക്കകം** അപ്‌ലോഡ് ചെയ്യാവുന്നതാണ്. കാറ്റഗറിയെ സംബന്ധിച്ച് പരാതികൾ ഉള്ള പക്ഷം അപേക്ഷാർത്ഥികൾ തങ്ങളുടെ പരാതി അനുബന്ധ രേഖകൾ സഹിതം തപാൽ മുഖേനയോ നേരിട്ടോ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള അവസാന തീയതിയ്ക്കുമുൻപ് സമർപ്പിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
17.07.2017